**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4761** **11-08-2021 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾക്ക് പ്രത്യേക റിക്രൂട്ട്മെന്റ് ബോർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾക്ക് വേണ്ടി പ്രത്യേക റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; പ്രത്യേക റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കേണ്ടതിന്റെ ആവശ്യകത എന്താണെന്ന് അറിയിക്കുമോ; | (എ) | പൊതുമേഖലാ സ്ഥാപനങ്ങളിലെ, കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിധിയിൽ പെടാത്ത, തസ്തികകളിലേക്ക് നിയമനം നടത്താൻ വേണ്ടി കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ആന്റ് റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിൽ ഉണ്ട്. ഇപ്പോൾ അതാതു സ്ഥാപനങ്ങൾ നേരിട്ടാണു പ്രസ്തുത തസ്തികകളിൽ നിയമനങ്ങൾ നടത്തി വരുന്നത്. നിയമനങ്ങളിൽ കൂടുതൽ സുതാര്യതയും, ഏകീകൃത സ്വഭാവവും കൈവരുത്തുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനും വേണ്ടിയാണ് പ്രത്യേക റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നത്. |
| (ബി) | നിലവിൽ പൊതുമേഖലാസ്ഥാപനങ്ങളിലെ നിയമനം നടത്തി വരുന്നത് ഏത് സർക്കാർ ഏജൻസി വഴിയാണ്; പ്രസ്തുത നിയമന രീതിയിൽ ന്യൂനതകൾ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | നിലവിൽ P.S.C മുഖേനയല്ലാത്ത തസ്തികകളിൽ (MD ഒഴികെ) അതാതു സ്ഥാപനങ്ങൾ തന്നെയാണ് നിയമനങ്ങൾ നടത്തി വരുന്നത്. ഉദ്യോഗാർത്ഥികളുടെ യോഗ്യതാ പരീക്ഷയും മറ്റും നടത്താൻ Centre For Management Development (CMD) തുടങ്ങിയ സ്ഥാപനങ്ങളുടെ സഹായം പൊതുമേഖലാ സ്ഥാപനങ്ങൾ ഉപയോഗപ്പെടുത്താറുണ്ട്. |
| (സി) | പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനം നടത്തിവരുന്ന സർക്കാർ ഏജൻസിയിൽ നിന്നും നിയമന പ്രക്രിയ മാറ്റുന്നതിന് കാരണം വ്യക്തമാക്കാമോ? | (സി) | നിലവിൽ P.S.C. മുഖേനയല്ലാത്ത തസ്തികകളിൽ (MD ഒഴികെ) അതാതു പൊതുമേഖലാ സ്ഥാപനങ്ങൾ തന്നെയാണ് നിയമനങ്ങൾ നടത്തി വരുന്നത്. ഇതിനായി ഏതെങ്കിലും സർക്കാർ ഏജൻസികളെ നിയോഗിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ